ഗ്രാമവികസന എഞ്ജൻസികൾ

58. [1544] ശ്രീ. ജോർജ് മസ്ക്രീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ ഗ്രാമവികസന എഞ്ജൻസികൾ പുനഃസംഘടിപ്പിക്കണമെന്ന് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡൻറിനെ ജില്ലാ ഗ്രാമവികസന എഞ്ജൻസി ഭരണസമിതിയുടെ ചെയർമാനായും ജില്ലാ കളക്ടറെ എക്സിക്യൂട്ടീവ് ഡയറക്ടറായും നിയമിച്ച് ഭരണസമിതി രൂപീകരിക്കുന്നതിനുവേണ്ടി ഗ്രാമവികസന എഞ്ജൻസിയുടെ ബൈലായിൽ ആവശ്യമായ ഭേദഗതി വരുത്താനുള്ള നിർദ്ദേശം ബന്ധപ്പെട്ട എല്ലാപേർക്കും സർക്കാരിൽനിന്നും നൽകിയിട്ടുണ്ട്. ഇത് കൂടാതെ ഇത് സംബന്ധിച്ച് കൂടുതൽ നിർദ്ദേശങ്ങൾ ഗ്രാമവികസന കമ്മീഷണറുടെ 29-2-1996-ലെ ഐ. ആർ. ഡി. 2/37117/95/സി. ആർ. ഡി. കത്തുപ്രകാരം എല്ലാ ജില്ലാ കളക്ടർമാർക്കും നൽകിയിട്ടുണ്ട്.

ട്രൈസം പദ്ധതി

59. [1545] ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രൈസം പദ്ധതിയനുസരിച്ച് എത്ര ബ്ലോക്കുകളിൽ എത്ര പേർക്കുവീതം പരിശീലനം നൽകി ;

(ബി) ആരാണ് പരിശീലനം നൽകുന്നത് ;

(സി) എത്ര ട്രേഡുകളിൽ പരിശീലനം നൽകുന്നുണ്ട് ;

(ഡി) പരിശീലനകാലത്ത് എത്ര രൂപ വീതം ആണ് സ്റ്റൈപെൻറ് നൽകുന്നത് ;

(ഇ) സ്റ്റൈപെൻറ് ഇനത്തിൽ ചെലവായ തുകയെത്രയാണ് ;

(എഫ്) പരിശീലനത്തിന് തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ;

(ജി) പരിശീലനത്തിന് തെരഞ്ഞെടുക്കുമ്പോൾ പട്ടിക ജാതി-പട്ടിക വർഗ്ഗക്കാർക്കും വനിതകൾക്കും മുൻഗണന നൽകുമോ ;

(എച്ച്) പരിശീലനം ലഭിച്ച എത്രപേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ട്രൈസം പദ്ധതിയനുസരിച്ച് 1995-96 സാമ്പത്തിക വർഷത്തിൽ (31-1-1996 വരെ) 4064 പേർക്ക് പരിശീലനം നൽകി. എത്ര ബ്ലോക്കുകളിലായാണ് പരിശീലനം നൽകിയത് എന്ന വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly